സംസാരിച്ചിരുന്നു. അതുമായി ബന്ധപ്പെട്ട് ഒരു ഫോർമുല സംബന്ധിച്ച് യൂണിയൻ നേതാക്കന്മാർ ഒരു consensus-ലെത്താൻ പറഞ്ഞിരുന്നു. പഴയ ഒരു പ്രൊപ്പോർഷനുണ്ട്. ആ പ്രൊപ്പോർഷൻ അനുസരിച്ചാണോ, ഇവർക്ക് പുതുതായി എന്തെങ്കിലും തീരുമാനമുണ്ടോ എന്നുള്ള കാര്യങ്ങൾ അറിയിക്കുന്നതിനായി യൂണിയൻ നേതാക്കന്മാരോട് അഭ്യർത്ഥിച്ചിരിക്കുകയാണ്. അവരുടെ opinion കൂടി കിട്ടിയാൽ ഉള്ള തുക വിതരണം ചെയ്യാൻ സാധിക്കും. എന്നാലും ചെറിയ തുകയുടെ കുറവുണ്ടാകും. അത് കിട്ടാൻ വേറെ മാർഗ്ഗമെന്താണെന്ന് പരിശോധിക്കണം. ഏതായാലും നമ്മുടെ കൈവശമുള്ള തുക യൂണിയൻ നേതാക്കളുടെ സമ്മതത്തോടെ അവരുടെ ഫോർമുലയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യാൻ ഗവൺമെന്റ് ഒരുക്കമാണ്.

17. മണൽവാരൽ തൊഴിലാളികൾ നേരിടുന്ന പ്രശ്നം

11.49 AM]

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, അംഗീകൃത കടവുകളിൽനിന്ന് മണലെടുക്കുന്ന തൊഴിലാളികൾ തൊഴിലില്ലാത്തതുകാരണം ദുരിതം പേറുന്നത് സംബന്ധിച്ചാണ് ഞാൻ സബ്മിഷനായി ഉന്നയിക്കുന്നത്. ചാലിയാർ പുഴയിൽ നിന്ന് മണലെടുക്കുന്നതിന് പുതുതായി നാല് പഞ്ചായത്തുകൾക്ക് മാത്രമാണ് അനുമതിയുള്ളത്. ഇതുമൂലം മറ്റ് പഞ്ചായത്തുകളിൽ മണൽ വാരാനായി കളക്ടർ അനുവദിച്ച കടവുകളിലെ തൊഴിലാളികൾ ബുദ്ധിമുട്ടിലാണ്. മണ്ഡലത്തിലെ ചാലിയാറിന്റെ തീരത്തുള്ള വാഴയൂർ, വാഴക്കാട്, ചീക്കോട് പഞ്ചായത്തുകളിലായി മുപ്പതോളം അംഗീകൃത കടവുകളിലായി രണ്ടായിരത്തിലധികം തൊഴിലാളികൾ നേരിട്ടും ലോറിതൊഴിലാളികളടക്കം നേരിട്ടല്ലാതെയും ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നവരാണ്. ഇതിൽ നിന്നുള്ള വരുമാനം കൊണ്ടാണ് ഇവർ കുടുംബം പോറ്റുന്നത്. ഇതിൽ മണ്ഡലത്തിലെ മൂന്ന് പഞ്ചായത്തുകളിൽ വാഴക്കാട് പഞ്ചായത്തിൽ മാത്രമാണ് ചാലിയാർ പുഴയിൽനിന്ന് മണലെടുക്കുന്നതിന് അനുമതിയുള്ളത്. അതിനുള്ള പാസ്സ് ഇതുവരെ നൽകിയിട്ടില്ല. ചില സ്ഥലത്തു മാത്രം അനുവാദം നൽകിയിട്ടുള്ളതുമൂലം തൊഴിലാളികൾക്കിടയിൽ ചേരിതിരിവിന് കാരണമാവുകയും തൊഴിൽ നഷ്ടപ്പെട്ടതുമൂലം തൊഴിലാളികൾ പട്ടിണിയിലാവുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ചാലിയാറിൽനിന്ന് മണലെടുക്കുന്നതിന് അനുമതിയുള്ള അതുപോലെ മണൽ മുമ്പ് അംഗീകൃതമായി നടത്തിയിരുന്ന കടവുകളിൽനിന്നെടുക്കുന്നതിന് അനുമതിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടാതെ പട്ടിണിയിലായ തൊഴിലാളികൾക്ക്, പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തവർക്കുമാത്രം ബക്രീദ്, ഓണം എന്നിവ പ്രമാണിച്ച് സൗജന്യ റേഷൻ നൽകണമെന്നുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും റവന്യൂ വകുപ്പുമന്ത്രിയോടും അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

11.50 AM]

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കേരളാ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങളുടെ 30-ാം വകുപ്പുപ്രകാരം ഓരോ മൂന്ന് വർഷം കൂടുമ്പോഴും ഓരോ ജില്ലയിലേയും നദികളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിലേയ്ക്കും മണലിന്റെ അളവ് തിട്ടപ്പെടുത്തുന്നതിലേയ്ക്കും CESS, CWRDM തുടങ്ങിയ വിദഗ്ധ സമിതികളെക്കൊണ്ട് മണൽ ഓഡിറ്റിംഗ് നടത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ജി.ഒ.(എം)എസ്.) നം. 338/12/റവന്യൂ. തീയതി, 12-9-2012 പ്രകാരം ചാലിയാർ പുഴയിലെ സാൻഡ് ഓഡിറ്റിംഗ്, സെന്റർ ഫോർ സോഷ്യൽ റിസോഴ്സ് ഡെവലപ്മെന്റ് (CSRD) എന്ന ഏജൻസിയെക്കൊണ്ട് നടത്തുകയും ഓഡിറ്റിംഗ് റിപ്പോർട്ട് CESS സൂക്ഷ്മ പരിശോധന നടത്തി റിവർ മാനേജ് മെന്റ് സെൽ മുഖാന്തിരം ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകുകയും ലാന്റ് റവന്യൂ കമ്മീഷണർ പ്രസ്തുത ഓഡിറ്റ് റിപ്പോർട്ട് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത സാൻഡ് ഓഡിറ്റ് റിപ്പോർട്ടിൽ പുഴയിലെ മണലിന്റെ അളവ് ഒരു പൊതുഘടനപ്രകാരം സ്ഥല പരിശോധനയും പഠനവും നടത്തിയാണ് കണക്കാക്കിയിട്ടുള്ളത്. ചാലിയാർ പുഴയുടെ സാന്റ് ഓഡിറ്റ് റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ച് മണൽ കുറഞ്ഞ ഭാഗങ്ങളിൽ മണൽവാരൽ നിരോധിച്ചുകൊണ്ടും മണൽ ലഭ്യമായ പഞ്ചായത്തുകളിൽനിന്നും വർഷംതോറും എടുക്കുവാനുള്ള മണലിന്റെ അളവ് നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മൂന്ന് വർഷം കഴിഞ്ഞ് നദികളുടെ മണൽ ഓഡിറ്റ് വീണ്ടും നടത്തുന്നതാണ്. അപ്പോൾ നടത്തുന്ന പഠനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഖനനം ചെയ്യാവുന്ന മണലിന്റെ അളവ് പുതുക്കി നിശ്ചയിക്കുവാൻ കഴിയുകയുള്ളൂ. നിലവിലെ ഓഡിറ്റ് റിപ്പോർട്ടിൽ ഖനനം നടത്തുവാൻ മണൽ ലഭ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള കടവുകളിൽനിന്ന് മാത്രം ഖനനം നടത്തുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ചാലിയാറിന്റെ ഇരുകരകളിലുമുള്ള പഞ്ചായത്തുകളിൽ വാഴക്കാട് പഞ്ചായത്തിനെ മാത്രം ഉൾപ്പെടുത്തി കൊടിയത്തൂർ, ചാത്തമംഗലം, മാവൂർ, പെരുവയൽ, രാമനാട്ടുകര, ഫറോക്ക്, ചെറുവണ്ണൂർ പഞ്ചായത്തുകളിലെ കടവുകളെ ഒഴിവാക്കിയത്. അനിയന്ത്രിതമായ മണലൂറ്റുമൂലം നദികളുടെ പാരിസ്ഥിതിക ജൈവവ്യവസ്ഥ തകരാറിലാകുകയും ആത്യന്തികമായി ഇതുമൂലം പുഴയുടെ നിലനിൽപ്പുതന്നെ അപകടത്തിലാകുകയും ചെയ്യുന്ന സ്ഥിതി വിശേഷം ഒഴിവാക്കുന്നതിനായാണ് ഇക്കാര്യത്തിൽ നടപടിക്രമങ്ങൾ അനുവർത്തിച്ചി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ളത്. ജലസമൃദ്ധമായ നദികൾ പലതും അനിയന്ത്രിതമായ മണലൂറ്റും അനുബന്ധ പ്രവർത്തനങ്ങളുംമൂലം ശ്വാസംമുട്ടിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ നദികളെ പരിപാലിക്കേണ്ടത് അനിവാര്യമാണ്. ഈ വിഷയത്തിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതിയും നാഷണൽ ഗ്രീൻ ട്രൈബ്യൂണലും കർശനമായ നിലപാട് സ്വീകരിക്കുന്ന സാഹചര്യത്തിൽ മേൽ സമീപനം തികച്ചും പ്രസ്താവ്യമാണ്. മണലൂറ്റൽ തൊഴിലാളികളുടെ കാര്യം സഹതാപാർഹവും പരിഗണനാർഹവുമാണെങ്കിലും മേൽ സാഹചര്യത്തിൽ നദികളെയും അതുവഴി പരിസ്ഥിതിയെയും സംരക്ഷിക്കുന്നതിൽ കർശന നിലപാടുകൾ സ്വീകരിക്കേണ്ടിവരുന്നു. പ്രസ്തുത തൊഴിലാളികളെ പ്രതിസന്ധിയിൽനിന്നും ശാശ്വതമായി കരകയറ്റാനായി മറ്റ് മേഖലകളിൽ തൊഴിൽ കണ്ടെത്താൻ പ്രേരിപ്പിക്കേണ്ടതുണ്ട്. തൊഴിലാളികളുടെ പരിതാപകരമായ അവസ്ഥയ്ക്ക് വിശേഷദിവസങ്ങളിൽ സമാശ്വാസം പകരുന്നതിനായി സൗജന്യ റേഷൻ നൽകുന്ന കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ആവശ്യപ്പെട്ടിട്ടുള്ളത്. ഇപ്പോൾ അക്കാര്യം പരിഗണനയിലില്ലെങ്കിൽപ്പോലും പിന്നീട് ക്യാബിനറ്റിലും മറ്റും ആലോചന നടത്തേണ്ടതാണ്. ഇത് ഒരു മേഖലയിൽ മാത്രമല്ലായെന്നുള്ളതുകൊണ്ട് മറ്റ് മേഖലകളിലും ഇത്തരം പ്രശ്നങ്ങൾ ഉയർന്നുവരുമെന്നതിന്റെ അടിസ്ഥാനത്തിൽ കൂടിയാലോചിച്ചതിനുശേഷം മാത്രമേ സൗജന്യ റേഷൻ നൽകുന്ന കാര്യം പറയാൻ കഴിയുകയുള്ളൂ.

18. പട്ടയം ലഭ്യമാക്കൽ

11.54 AM]

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u> സർ, പൊന്നാനി മണ്ഡലത്തിലെ ഭാരതപ്പുഴയുടെ തീരത്ത് ഈശ്വരമംഗലം പുഴപുറമ്പോക്കിൽ കഴിഞ്ഞ 40 വർഷത്തിലധികമായി താമസിക്കുന്ന നൂറ് കുടുംബങ്ങൾക്ക് ഇതുവരെയും പട്ടയം ലഭിക്കാത്ത പ്രശ്നം അവരെ വളരെ പ്രയാസപ്പെടുത്തിയിരിക്കുകയാണ്. പുഴയിൽനിന്ന് മാറി കരഭാഗത്തുള്ള പുറമ്പോക്ക് ഭൂമിയിലാണ് ഇവർ താമസിക്കുന്നത്. താമസിക്കുന്ന പ്രദേശവും പുഴയും തമ്മിൽ വേർതിരിക്കുന്ന പുതിയ റോഡായ കർമ്മ റോഡ് പ്രസിദ്ധമാണ്. സ്വന്തമായി സ്ഥലം വാങ്ങുന്നതിനോ വീട് വയ്ക്കുന്നതിനോ ശേഷിയില്ലാത്ത, സമൂഹത്തിൽ ഒറ്റപ്പെട്ടുപോയ ദരിദ്രവിഭാഗങ്ങളാണ് അവിടെ താമസിക്കുന്നത്. റവന്യൂ വകുപ്പ് ഇവർക്ക് കൈവശസർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്. റേഷൻ കാർഡും ഇലക്ഷൻ ഐഡന്റിറ്റി കാർഡുമെല്ലാമുള്ള ഇവർക്ക് താമസിക്കുന്ന ഭൂമിക്ക് പട്ടയം അനുവദിക്കുന്നതുകൊണ്ട് പുഴയുടെ ഒഴുക്കിനോ നിലനിൽപ്പിനോ

LIBRARY ARCHIVES Kerala Legislative Assembly